ഓഫീസ് ഉദ്ഘാടനം ചെയ്തു

നെയ്യാറ്റിൻകര

കണിച്ചാംകോട് റസിഡന്റ്സ് അസോസിയേഷൻ ഓഫീസ് കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. വാർഷികാഘോഷം സി കെ ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. മുതിർന്ന അംഗങ്ങളെ മുനിസിപ്പൽ ചെയർമാൻ പി കെ രാജ്മോഹൻ പൊന്നാട അണിയിച്ചു. വി വിജയകുമാരൻനായർ അധ്യക്ഷനായി.

സൗജന്യ അവധിക്കാല പരിശീലനം

കിളിമാനൂർ

പ്ലസ് ടു പരീക്ഷാ ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കായി രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയറിങ് ആൻഡ് ടെക്നോളജി സംഘടിപ്പിക്കുന്ന അവധിക്കാലപരിശീലന കളരി 22 മുതൽ. വെബ് ഡിസൈൻ, ഗെയിം പ്രോഗ്രാമിങ്, ത്രീ ഡി പ്രിന്റിങ്, വെർച്വൽ റിയാലിറ്റി, റോബോട്ടിക്സ് പരിശീലനമാണ് നൽകുക. രണ്ടാഴ്ചത്തെ പരിശീലനത്തിന് https://forms.gle/PDVGTp9aBMJTriKs9 അപേക്ഷിക്കാം. അവസാന തീയതി 19. ഫോൺ: 8113877773, 0470 2775500.

വിവാഹം

വെങ്ങാനൂർ

വെണ്ണിയൂർ കരയ്ക്കാട്ടുവിള ലളിത വിലാസത്തിൽ സന്തോഷ് കുമാറിന്റെയും ജി രഞ്ജുളയുടെയും മകൾ അതുല്യ സന്തോഷും പയറ്റുവിള മീമറത്തല വീട്ടിൽ രാജേന്ദ്രകുമാറിന്റെയും ഗിരിജകുമാരിയുടെയും മകൻ ആർ അനീഷ് രാജും വിവാഹിതരായി.

വെങ്ങാനൂർ

വെണ്ണിയൂർ അനിൽ നിവാസിൽ ഡി അനിൽകുമാറിന്റെയും എൽ മായാദേവിയുടെയും മകൻ എ എം അമലും കാര്യവട്ടം ജയ് വിഹാർ പിആർഎസി 9 ൽ എം ജയമോഹനന്റെയും എസ് ശ്രീകുമാരിയുടെയും മകൾ എസ് ആര്യമോഹനനും വിവാഹിതരായി.

ചേരപ്പള്ളി

പൊട്ടൻചിറ ആശാഭവനിൽ ശശി ലാസറിന്റെയും അനി ശശിയുടെയും മകൻ അഭിലാഷും ചേരപ്പള്ളി ഷാജിഭവനിൽ പരേതനായ ഡി തങ്കരാജന്റെയും ആർ ശാന്തയുടെയും മകൾ ആതിരയും വിവാഹിതരായി

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്മർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നിലവെളിച്ചം (4.00, 9.00)
- ബി32 – 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്മർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- 2018 (11..30, 3.00, 6.30, 10.00)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഓഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഓഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഓഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- പൊന്നിയിൻ സെൽവൻ 2 (11.00, 230, 6.00, 9.30)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- 2018 (11.15, 2.30, 6.15, 9.15)

ലയം
- പൊന്നിയിൻ സെൽവൻ 2 (11.30, 2.30, 6.30, 9.30)

ശ്രീ കാളിദാസ് (9562404499)

ഓഡി 1
- 2018(4 ഷോ)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 3
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 4
- കേരള സ്റ്റോറി 2 (11.00, 9.30)

ഓഡി 5
- വിരൂപക്ഷ (6.15? 9.30)
- മദനോത്സവം (6.15,9.30)

ഓഡി 6
- പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

■ മണ്ഡലം പ്രസിഡന്റ് രാജിവച്ചു

വെള്ളറടയിൽ കോൺഗ്രസ് പിളർന്നു

വെള്ളറട

ഏറെക്കാലമായ ഗ്രൂപ്പുപോരിനൊടുവിൽ വെള്ളറടയിൽ കോൺഗ്രസ് പിളർന്നു. വെള്ളറട പഞ്ചായത്തിലെ കിളിയൂർ മണ്ഡലം കമ്മിറ്റി പ്രസിഡന്റ് എസ് ആർ അശോകൻ പാർടിയിൽനിന്ന് രാജിവച്ചു. ഡിസിസി പ്രസിഡന്റിനാണ് രാജിക്കത്ത് നൽകിയത്. വെള്ളറട പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷ സ്ഥാനവും ഇതോടൊപ്പം രാജിവച്ചു. വെള്ളറട പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനം വീതം വയ്ക്കാൻ ഡിസിസി തലത്തിൽ ധാരണയുണ്ടായിരുന്നുവെന്നും ഇത് നടപ്പാക്കാൻ നേതൃത്വം തയ്യാറായില്ല എന്നതടക്കം ചൂണ്ടിക്കാണിച്ചാണ് രാജി. രാജി വിവരം സോഷ്യൽ മീഡിയയിലൂടെ ഓഡിയോ ക്ലിപ്പുവഴി പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നേതൃത്വത്തിലെ വിഭാഗീയതയും അവഗണനയടക്കമുള്ള വിഷയങ്ങളും രാജിക്കത്തിൽ ഉന്നയിച്ചിട്ടുണ്ട്. മതേതര രാഷ്ട്രീയ പാർടിയുമായി സഹകരിച്ചു പ്രവർത്തിക്കാൻ തയ്യാറാണെന്നും ശബ്ദ സന്ദേശത്തിൽ പറയുന്നു. നിരവധി നേതാക്കളും പ്രവർത്തകരും എസ് ആർ അശോകന് പിന്നാലെ പാർടി വിടുമെന്നാണ് വിവരം. രാജി കോൺഗ്രസ് ഭരിക്കുന്ന വെള്ളറട പഞ്ചായത്തിൽ ഭരണപ്രതിസന്ധിക്കിടയാക്കും.

തൊളിക്കോട്ട് കോൺഗ്രസ്, ബിജെപി, എസ്ഡിപിഐ കൂട്ടുകെട്ട്

വിതുര

തൊളിക്കോട് പഞ്ചായത്ത് ഭരണസമിതിയെ അട്ടിമറിക്കാൻ കോൺഗ്രസും ബിജെപിയും എസ്ഡിപിഐയും ചേർന്ന അവിശുദ്ധ കൂട്ടുകെട്ട്. അധികാരത്തിലിരിക്കുന്ന എൽഡിഎഫ് ഭരണസമിതിയെ അട്ടിമറിക്കാനായി ഇക്കൂട്ടർ അവതരിപ്പിച്ച അവിശ്വാസപ്രമേയം തള്ളി.

കോൺഗ്രസിലെ അഞ്ചുപേരും എസ്ഡിപിഐയിലെയും ബിജെപിയിലെയും ആകെയുള്ള ഓരോ അംഗങ്ങളും വോട്ടുചെയ്തു. എന്നാൽ, എൽഡിഎഫിലെ ഒരു അംഗംപോലും ഹാജരാകാത്തതിനാൽ പ്രമേയം പരാജയപ്പെട്ടു. തൊളിക്കോട് പഞ്ചായത്തിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ നടത്തി മുന്നേറുന്ന എൽഡിഎഫ് ഭരണസമിതിയെ തകർക്കാൻ കാലങ്ങളായി ഈ അവിശുദ്ധ കൂട്ടുകെട്ട് പ്രവർത്തിക്കുകയാണ്. അഴിമതി നടത്താൻ അവസരമുണ്ടാകാത്തതിൽ വിറളിപൂണ്ട കോൺഗ്രസ് അംഗങ്ങളാണ് ഇതിന് നേതൃത്വം കൊടുക്കുന്നതെന്നാണ് ആക്ഷേപം. പഞ്ചായത്തിൽ നടപ്പാക്കേണ്ട പ്രധാന വികസന പ്രവർത്തനങ്ങൾ ചർച്ചയാക്കുന്ന കമ്മിറ്റികളെ അലങ്കോലപ്പെടുത്തുകയും വികസനത്തിന് തടയിടുകയും ചെയ്യുന്നത് ഇവരുടെ പതിവാണ്. പഞ്ചായത്ത് പ്രസിഡന്റിനെ ആക്രമിക്കാനുംമുമ്പ് ശ്രമമുണ്ടായി. വികസനനേട്ടങ്ങൾ വിശദീകരിച്ചും അവിശുദ്ധ കൂട്ടുകെട്ട് തുറന്നുകാട്ടിയും എൽഡിഎഫ് നേതൃത്വത്തിൽ പഞ്ചായത്തിൽ 17ന് ജാഥ സംഘടിപ്പിക്കും.

ക്രാഫ്റ്റ് വില്ലേജിൽ ശിൽപ്പശാല

കോവളം

കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സ്ഥാപിച്ച കെഎസിവി കളരി അക്കാദമിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി 14 ദിവസത്തെ 'മെയ്ത്താരി' ശിൽപ്പശാല സംഘടിപ്പിക്കും. 17 മുതൽ 30 വരെ നടക്കുന്ന ശിൽപ്പശാല കെഎസിവി കളരി അക്കാദമി മേധാവി മീനാക്ഷിയമ്മ നയിക്കും. നർത്തകി കപില വേണു നവരസത്തിൽ അഭിനയ പരിശീലനം നൽകും. ക്രാഫ്റ്റ്സ് വില്ലേജിലെ കലാകാരന്മാർ കരകൗശല നിർമാണത്തിൽ പരിശീലനം നൽകും.

കല്ലിയൂർ ശ്രീധരന്റെ ചികിത്സയ്ക്കായി പാർടി അംഗങ്ങളിൽനിന്ന് സ്വരൂപിച്ച സഹായധനം ജില്ലാ സെക്രട്ടറി വി ജോയി കൈമാറുന്നു

മണിപ്പുരിൽ കേന്ദ്രം ഇടപെടണം: കെഎൽസിഎ

നെയ്യാറ്റിൻകര

മതനിരപേക്ഷ ഭാരതത്തിന് കളങ്കം വരുത്തുന്ന മണിപ്പുരിലെ വർഗീയ കലാപത്തിന് അറുതിവരുത്താൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് കെഎൽസിഎ നെയ്യാറ്റിൻകര രൂപത. മണിപ്പുരിൽ ഇതിനകം ഇരുപത്തഞ്ചോളം പള്ളികൾ ആക്രമിക്കപ്പെട്ടു. കലാപം മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിക്കാൻ സാധ്യതയുണ്ട്.

മറ്റ് രാജ്യങ്ങൾക്ക് മാതൃകയായ ജനാധിപത്യ ഭാരതത്തിന്റെ മൂല്യങ്ങൾ അധികാര താല്പര്യങ്ങൾക്ക് വേണ്ടി ബാലികഴിക്കേണ്ടിവരുന്നു. വർഗീയത പ്രചരിപ്പിച്ച് ജനങ്ങളെ തമ്മിലടിപ്പിക്കുന്നതിനെ തിരിച്ചറിയണമെന്നും കെഎൽസിഎ പറഞ്ഞു.

ചികിത്സാസഹായം കൈമാറി

നേമം

സിപിഐ എം നേമം മുൻ ഏരിയ സെക്രട്ടറിയും നിലവിൽ ഏരിയ കമ്മിറ്റി അംഗവുമായ കല്ലിയൂർ ശ്രീധരന്റെ ചികിത്സയ്ക്കായി പാർടി അംഗങ്ങളിൽനിന്ന് സ്വരൂപിച്ച സഹായധനം ജില്ലാ സെക്രട്ടറി വി ജോയി കൈമാറി. ജില്ലാ കമ്മിറ്റി അംഗങ്ങളായ എം എം ബഷീർ, എസ് കെ പ്രീജ, ഏരിയ സെക്രട്ടറി പാറക്കുഴി സുരേന്ദ്രൻ, എ പ്രതാപചന്ദ്രൻ, ജി വസുന്ധരൻ, എസ് ആർ ശ്രീരാജ്, ജി എൽ ഷിബുകുമാർ, എസ് ജയചന്ദ്രൻ എന്നിവർ പങ്കെടുത്തു.

രാവിലെ അപേക്ഷിച്ചു; ഉച്ചയ്ക്ക് റേഷൻകാർഡ്

കാട്ടാക്കട

നിർധന കുടുംബാംഗവും വിധവയുമായ മണ്ണാംകോണം സ്വദേശിനി റീബ വ്യാഴം രാവിലെയാണ് മുൻഗണനാ റേഷൻകാർഡിനുള്ള അപേക്ഷയുമായി അദാലത്തിലെത്തിയത്. ഉച്ചയോടെ മുൻഗണനാ ക്രമത്തിലുള്ള റേഷൻകാർഡ് അനുവദിച്ചെന്ന അറിയിപ്പ് ലഭിച്ചപ്പോൾ സന്തോഷം അടക്കാനായില്ല. റെക്കോഡ് വേഗത്തിലാണ് മുൻഗണനാ കാർഡ് അനുവദിച്ചത്. മന്ത്രി ജി ആർ അനിലിന്റെ പക്കൽനിന്ന് റേഷൻകാർഡ് വാങ്ങി മക്കൾക്കൊപ്പം സന്തോഷത്തോടെ അവർ മടങ്ങി.

12 പവനും 50,000 രൂപയും കവർന്നു

കിളിമാനൂർ

പോങ്ങനാട് വീടിന്റെ ജനൽ പൊളിച്ച് 12 പവനും 50,000 രൂപയും കവർന്നു. വെള്ളിയാഴ്ച പകൽ പള്ളിക്കുന്ന് ഇഎഫ് മൻസിലിൽ ഇബ്രാഹിമിന്റെ വീട്ടിലാണ് മോഷണം. ഇബ്രാഹിമും കുടുംബവും രാവിലെ എട്ടോടെ പുറത്തുപോയിരുന്നു. പകൽ രണ്ടോടെ തിരിച്ചെത്തിയപ്പോഴാണ് മോഷണം അറിയുന്നത്. വീടിന് പിറക് വശത്തെ തടി ജനൽ പൊളിച്ചാണ് മോഷ്ടാവ് അകത്ത് കടന്നത്. കിളിമാനൂർ പൊലീസ് അന്വേഷണം ആരംഭിച്ചു.

ലൈഫ് വീടുകളുടെ താക്കോൽ കൈമാറി

കാട്ടാക്കട

പൂവച്ചലിൽ ലൈഫ് പദ്ധതിയിലെ വീടുകളുടെ താക്കോൽ വിതരണം ചെയ്തു. കേരള സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി, പൂവച്ചൽ ഗ്രാമ പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലെ വീടുകളുടെ താക്കോൽ വിതരണം നടന്നു.

ലൈഫ് 2020 ഗുണഭോക്താക്കളുടെ കരാർ ഒപ്പ് വയ്ക്കലും, നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ താക്കോൽ വിതരണവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. സനൽ കുമാർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് ഓ ശ്രീകുമാരി അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വച്ച് ഏഴ് വീടുകളുടെ താക്കോൽ വിതരണം ചെയ്യുകയും, പുതിയ ഏതാനും വീടുകളുടെ കരാർ ഒപ്പിടുകയും ചെയ്തു. പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങളും, മറ്റു ജനപ്രതിനിധികളും സംസാരിച്ചു. വി ഇ ഒ നിഷ സ്വാഗതവും സെക്രട്ടറി ഇൻ ചാർജ് സുനിത ദേവരാജ് നന്ദിയും പറഞ്ഞു.

ലൈഫ് 2020 ഗുണഭോക്താക്കളുടെ കരാർ ഒപ്പ് വയ്ക്കലും നിർമാണം പൂർത്തീകരിച്ച വീടുകളുടെ താക്കോൽ വിതരണവും പഞ്ചായത്ത് പ്രസിഡന്റ് ടി സനൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു

ഐഎംഎ കാരക്കോണം യൂണിറ്റ് അനുശോചിച്ചു

വെള്ളറട

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കാരക്കോണം ബ്രാഞ്ച് ഡോ. വന്ദനയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ചു. കാരക്കോണം ഡോ. സോമർവെൽ സിഎസ്ഐ മെഡിക്കൽ കോളേജ് ഒപി വിഭാഗത്തിൽ നടന്ന പ്രതിഷേധയോഗം ഡയറക്ടർ ഡോ. ജെ ബെന്നറ്റ് എബ്രഹാം ഉദ്ഘാടനം ചെയ്തു. ഐഎംഎ ബ്രാഞ്ച് പ്രസിഡന്റ് ഡോ. അനുഷ മെർലിൻ, സെക്രട്ടറി, ഡോ. ജെ അനുഷ, ഡോ. എസ് ബാബുരാജ്, ഡോ. സ്റ്റാൻലി ജോൺസ് എന്നിവർ സംസാരിച്ചു. ആതുര ശുശ്രൂഷ നടത്തുന്ന ഡോക്ടർമാർക്ക് ജോലി ചെയ്യുന്നതിന് ന്യായമായ സുരക്ഷിതത്വം സർക്കാർ ഉറപ്പുവരുത്തണമെന്ന പ്രമേയവും യോഗം പാസാക്കി.

മെയ് 1
സാർവദേശീയ തൊഴിലാളി ദിനം
സിഐടിയുവിന്റെയും കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ഡിവിഷൻ ഓഫീസ് ശുചീകരണം സിഐടിയു ജില്ലാ പ്രസിഡന്റ് ആർ രാമു ഉദ്ഘാടനം ചെയ്യുന്നു

ശുചീകരിച്ചു

നെയ്യാറ്റിൻകര

സിഐടിയു ഏരിയ കമ്മിറ്റിയും കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷനും ചേർന്ന് കെഎസ്ഇബി ഡിവിഷൻ ഓഫീസും പരിസരവും ശുചീകരിച്ചു. സിഐടിയു ജില്ലാ പ്രസിഡന്റ് ആർ രാമു ഉദ്ഘാടനം ചെയ്തു. വി കേശവൻകുട്ടി, എൻ എസ് ദിലീപ്, കെ മോഹനൻ, ജയധരൻ, വിജയകുമാർ എന്നിവർ സംസാരിച്ചു.

ചിന്ത ഏറ്റുവാങ്ങി

പാറശാല

സിപിഐ എം ധനുവച്ചപുരം ലോക്കൽ കമ്മിറ്റി പൂർത്തീകരിച്ച ചിന്ത വാരികയുടെ വരിസംഖ്യ ജില്ലാ സെക്രട്ടറിയറ്റംഗം എൻ രതീന്ദ്രൻ ഏറ്റുവാങ്ങി. ഏരിയ സെക്രട്ടറി എസ് അജയകുമാർ, ഏരിയ കമ്മിറ്റിയംഗങ്ങളായ വി താണുപിള്ള, എൻ എസ് നവനീത്കുമാർ എന്നിവർ പങ്കെടുത്തു.

വീടിനുമുകളിൽ തെങ്ങ് വീണു

വിളപ്പിൽ

പേയാട് ചെറുപാറ ശിവശക്തിയിൽ ടൂറിസംവകുപ്പ് ജീവനക്കാരൻ സുരേഷ് കുമാറിന്റെ വീടിനുമുകളിൽ തെങ്ങ് പൊട്ടിവീണു. വ്യാഴം വൈകിട്ട് നാലോടെയാണ് അപകടം. ഷീറ്റുമേഞ്ഞ കിടപ്പുമുറിയുടെ മുകളിലാണ് തെങ്ങ് ഒടിഞ്ഞുവീണത്. വീട്ടുകാർ രക്ഷപ്പെട്ടു. കാട്ടാക്കട അഗ്നിശമന സേനാംഗങ്ങളെത്തി മുറിച്ചുമാറ്റി. വീടിനുള്ളിലെ സാധനങ്ങൾക്കും മേൽക്കൂരയ്ക്കും കേടുപാടുണ്ടായി.

ഡോ. വന്ദന ദാസിന്റെ വസതിയിലെത്തി ശിവഗിരി മഠം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ ആദരാഞ്ജലി അർപ്പിക്കുന്നു

ഇലക്ട്രിക് ലൈനിൽ മരം വീണു

വിളപ്പിൽ

പുളിയറക്കോണം പുളിമൂട് ജങ്ഷനിൽ റോഡ് സൈഡിൽനിന്ന മരം ഒടിഞ്ഞ് ഇലക്ട്രിക് ലൈനിനുമുകളിൽ വീണു. വ്യാഴാഴ്ച വൈകിട്ട് ഉണ്ടായ കാറ്റിലും മഴയിലുമാണ് മരം ഒടിഞ്ഞു വീണത്. പ്രദേശത്ത് വൈദ്യുതി തടസ്സപ്പെടുകയും ഒരു മണിക്കൂറോളം ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. കെഎസ്ഇബി ജീവനക്കാരും നാട്ടുകാരും ചേർന്നാണ് റോഡ് ഗതാഗത യോഗ്യമാക്കിയത്. പ്രദേശത്ത് ഇനിയും അപകടാവസ്ഥയിൽ നിരവധി മരങ്ങൾ നിൽപ്പുണ്ടെന്നും മരങ്ങൾ മുറിച്ചുമാറ്റിയില്ലെങ്കിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കുമെന്നും നാട്ടുകാർ പറഞ്ഞു.

കഞ്ചാവ് ചെടിയുമായി യുവാവ് പിടിയിൽ

പാറശാല

പ്രവീൺ

കഞ്ചാവ് ചെടി വളർത്തിയ യുവാവിനെ എക്സൈസ് സംഘം പിടികൂടി. വെള്ളറട പന്നിമല കുഞ്ചാറ്റിൻകര റോഡരികത്ത് വീട്ടിൽ പ്രവീണി(30)നെയാണ് എക്സൈസ് പിടികൂടിയത്. ഇയാളുടെ വീടിന് സമീപത്തെ പറമ്പിൽ നട്ടുവളർത്തിയിരുന്ന 50, 45, 32, 30, 13 സെന്റിമീറ്റർ ഉയരമുള്ള അഞ്ചോളം കഞ്ചാവുചെടികൾ എക്സൈസ് കണ്ടെത്തി. ഇവിടെ കൃഷി ചെയ്യുന്ന കഞ്ചാവ് ചെടികൾ വില്പനയ്ക്കും സ്വന്തം ആവശ്യത്തിനുമാണ് ഉപയോഗിക്കുന്നതെന്ന് പിടിയിലായ യുവാവ് അധികൃതരോട് പറഞ്ഞു. തിരുവനന്തപുരം എക്സൈസ് യൂണിറ്റിലെ പ്രിവന്റീവ് ഓഫീസർ സി കെ ജസ്റ്റിൻ രാജിനു ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് അമരവിള റേഞ്ച് ഇൻസ്പെക്ടർ വി എ വിനോജിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് ചെടികൾ കണ്ടെത്തിയത്.

■ പൊലീസ് ആശുപത്രിയിലെത്തിച്ച യുവാവ് അക്രമാസക്തനായി

കൈകാലുകൾ ബന്ധിച്ച് ചികിത്സ നൽകി

നെടുങ്കണ്ടം

നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ പൊലീസ് ചികിത്സയ്ക്ക് എത്തിച്ച യുവാവ് അക്രമാസക്തനായി. മദ്യപിച്ച് അടിയുണ്ടായി പരിക്കേറ്റ തിരുവനന്തപുരം സ്വദേശി പ്രവീൺ(35) ആണ് ആശുപത്രി ജീവനക്കാരെ ആക്രമിക്കാൻ ശ്രമിച്ചത്. ഇയാൾ കുറച്ച് നാളായി നെടുങ്കണ്ടത്താണ് താമസം. ബുധൻ രാത്രിയാണ് സംഭവം.

വൈകിട്ട് മദ്യപിക്കുന്നതിനിടെ പ്രവീണും സുഹൃത്തുക്കളുമായി വാക്കേറ്റം ഉണ്ടാകുകയും വഴിയിലൂടെ പോയ വാഹനത്തിന് നേരെ ഇവർ കല്ലെറിയുകയും ചെയ്തു. തുടർന്ന് വാഹനത്തിലു ണ്ടായിരുന്നവരുമായി അടിപിടി നടന്നു. സംഘർഷത്തിൽ ഇയാൾക്ക് പരിക്കേറ്റു. നാട്ടുകാർ അറിയിച്ച് നെടുങ്കണ്ടം പൊലീസെത്തി ഇയാളെ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലെത്തിച്ചു. ആശുപത്രിയിൽ ബഹളംവച്ചപ്പോൾ സുരക്ഷ ഉറപ്പാക്കണമെന്ന് ഡ്യൂട്ടി ഡോക്ടർ പൊലീസിനോട് ആവശ്യപ്പെട്ടു. ഇതിനിടെ ആശുപത്രിയിൽനിന്ന് ഇയാൾ ഇറങ്ങി ഓടി. നെടുങ്കണ്ടം എക്സൈസ് ഓഫീസിന് സമീപംവച്ച് ഇയാളെ പിടികൂടി വീണ്ടും ആശുപത്രിയിലെത്തിച്ചു. പൊലീസിന്റെ സഹായത്തോടെ ആശുപത്രിയിൽ കൈകാല് ബന്ധിച്ച് ചികിത്സ നൽകി. തുടർന്ന് പൊലീസ് ഇയാളുടെ ബന്ധുക്കളെ വിളിച്ചുവരുത്തി വിദഗ്ധ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

കൊല്ലയിൽ ബഡ്സ് സ്കൂളിലെ കുട്ടികൾ നിർമിച്ച ഉൽപ്പന്നങ്ങളുടെ വിതരണോദ്ഘാടനം സി കെ ഹരീന്ദ്രൻ എംഎൽഎ നിർവഹിക്കുന്നു

ബഡ്സ് സ്കൂൾ ഉൽപ്പന്നങ്ങൾ വിപണിയിലേക്ക്

പാറശാല

കൊല്ലയിൽ ബഡ്സ് സ്കൂളിലെ കുട്ടികൾ നിർമിച്ച ഉൽപ്പന്നങ്ങൾ വിപണിയിലേക്ക്. ടോയ്‌ലറ്റ് ക്ലീനർ, ലോഷൻ, ഡിഷ് വാഷ് എന്നിവയാണ് കുട്ടികൾ നിർമിച്ച് വിപണിയിലെത്തിക്കുന്നത്. സി കെ ഹരീന്ദ്രൻ എംഎൽഎ ഉൽപ്പന്നങ്ങൾ പെരുങ്കടവിള ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി താണുപിള്ളയ്ക്ക് നൽകി ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എൻ എസ് നവനീത്കുമാർ അധ്യക്ഷനായി.

ജില്ലാ പഞ്ചായത്തംഗം വി എസ് ബിനു, എസ് സന്ധ്യ, കെ വി പദ്മകുമാർ, ജി ബൈജു, വി എസ് അനില, എം മഹേഷ് , സന്തോഷ് കുമാർ, കൊല്ലയിൽ രാജൻ, ബിന്ദു, സി കെ സിനികുമാരി, ബിന്ദുബാല, ജ്യോതിഷ്റാണി, ഷീബ അനീഷ്, എസ് ഒ ഷാജികുമാർ, എസ് അശോക് കുമാർ, സ്മിത, ഷീല എന്നിവർ സംസാരിച്ചു.

പൊലീസിനെ ഭീഷണിപ്പെടുത്തി; യുവാവ് അറസ്റ്റിൽ

വിളപ്പിൽ


ആദിത്യൻ

പൊലീസിനെ വെട്ടുകത്തി കാട്ടി ഭീഷണിപ്പെടുത്തിയ കേസിൽ ഒരാൾ പിടിയിൽ. ബാലരാമപുരം ഭഗവതിനട തെങ്കറക്കോണം മേലെ പൊന്നറത്തല വീട്ടിൽ ആദിത്യനെ (21)യാണ് മലയിൻകീഴ് പൊലീസ് അറസ്റ്റ്ചെയ്തത്. പേയാട് പെട്രോൾ പമ്പ് ആക്രമണക്കേസുമായി ബന്ധപ്പെട്ട പ്രതിയെ തിരക്കിയിറങ്ങിയ പൊലീസ് മച്ചേലിൽ വീട്ടിൽ പരിശോധനയ്ക്കെത്തിയപ്പോഴാണ് ആദിത്യൻ ഭീഷണിപ്പെടുത്തിയത്. തുടർന്ന് ഇയാളെ പൊലീസ് ബാലരാമപുരത്ത് വീടിനടുത്തുനിന്നും അറസ്റ്റുചെയ്തു.

ഓട്ടോറിക്ഷ മോഷണം പോയി

നേമം

ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസിനു മുന്നിൽ പാർക്ക് ചെയ്തിരുന്ന ഓട്ടോറിക്ഷ മോഷണം പോയതായി യുവാവിന്റെ പരാതി. കരമന തളിയൽ എസ്എൻആർഎ 127 ൽ താമസിക്കുന്ന പ്രസാദിന്റെ ഓട്ടോറിക്ഷയാണ് മോഷണം പോയത്. തിങ്കൾ രാത്രി 8.30 നാണ് സംഭവം. യുവാവും ഭാര്യയും കുട്ടിയുമായി ബന്ധുവീട്ടിൽ പോയി തിരികെ എത്തിയപ്പോഴാണ് ഓട്ടോറിക്ഷ മോഷണം പോയതായി അറിയുന്നത്. ബാലരാമപുരം പൊലീസ് കേസെടുത്തു.

ഭർതൃമാതാവിന്റെ കാൽ തല്ലിയൊടിച്ച മരുമകൾ അറസ്റ്റിൽ

നേമം

സുകന്യ

ബാലരാമപുരം തലയൽ റെയിൽവേ ക്രോസിന് സമീപം വീട്ടമ്മയെ ആക്രമിച്ച സംഭവത്തിൽ മരുമകൾ അറസ്റ്റിൽ. ആറാലുമൂട് തലയൽ പുന്നകണ്ടത്തിൽ വയൽ നികത്തിയ വീട്ടിൽ വാസന്തി (63)ക്കാണ് മർദനമേറ്റത്. ഇവരുടെ രണ്ടാമത്തെ മകൻ രതീഷ്കുമാറിന്റെ ഭാര്യ ആറാലുംമൂട് പുന്നക്കണ്ടത്തിൽ സുകന്യ (ചിഞ്ചു–27)യെ ബാലരാമപുരം പൊലീസ് അറസ്റ്റു ചെയ്തു. കുടുംബകലഹമാണ് ആക്രമണത്തിന് പിന്നിൽ. ചൊവ്വാഴ്ച രാവിലെ നടന്ന സംഭവത്തിൽ പൊലീസ് നടത്തിയ ശാസ്ത്രീയ അന്വേഷണത്തിലാണ് മരുമകൾ അറസ്റ്റിലായത്.

ചൊവ്വ രാവിലെ ആറോടെ വാസന്തി മൂത്ത മകനൊപ്പം ബൈക്കിൽ സൊസൈറ്റിയിൽ പാൽ കൊടുത്ത ശേഷം വീടിനടുത്ത റെയിൽവേ പാലത്തിന് സമീപം ഇറങ്ങി വീട്ടിലേക്ക് പോകുമ്പോഴായിരുന്നു ആക്രമണം. പാന്റ്സുംഷർട്ടും ധരിച്ച് മുടി നീട്ടിവളർത്തിയ ഒരാളാണ് ആക്രമണത്തിന് പിന്നിലെന്ന് നാട്ടുകാരുടെ മൊഴിയിൽനിന്ന് വ്യക്തമായിരുന്നു. വാസന്തിയുടെ ആഭരണങ്ങൾ നഷ്ടപ്പെടാത്തതിനാൽ മോഷണശ്രമമല്ലെന്ന് പൊലീസ് ഉറപ്പിച്ചു. സംഭവ സ്ഥലത്ത് സിസിടിവിയില്ലാതിരുന്നത് പൊലീസിനെ കുഴക്കി. ബാലരാമപുരം സ്റ്റേഷൻ ഹൗസ് ഓഫീസർ ടി വിജയകുമാർ നടത്തിയ ശാസ്ത്രീയ അന്വേഷണമാണ് പ്രതിയിലേക്കെത്തിയത്. കാലിന് അടിയേറ്റ വാസന്തിയുടെ കരച്ചിൽകേട്ട് സമീപവാസികൾ ഓടിയെത്തി ഏറെസമയം കഴിഞ്ഞാണ് സുകന്യ സ്ഥലത്തെത്തിയത്. ഇതോടെ സംശയം ബലപ്പെട്ടു. ആക്രമണം നടന്ന സ്ഥലത്തിനടുത്തെ പൊട്ടക്കിണറ്റിൽ അക്രമി ഉപയോഗിച്ച കമ്പിപ്പാര കിട്ടിയതോടെ സുകന്യയെ ചോദ്യം ചെയ്യുകയായിരുന്നു.

കുറ്റം സമ്മതിച്ച ഇവർ ഭർത്താവ് തന്നെ ഉപദ്രവിക്കുന്നതിന് കാരണം വാസന്തിയാണെന്ന വിരോധത്തിലാണ് ആക്രമിച്ചതെന്ന് പൊലീസിനോട് പറഞ്ഞു. തെറ്റിദ്ധരിപ്പിക്കാനാണ് ഭർത്താവിന്റെ പാന്റും ഷർട്ടും ധരിച്ച് മുഖം ഷാൾകൊണ്ട് മറച്ച് ആക്രമണം നടത്തിയത്. ഷാളും വസ്ത്രങ്ങളും സുകന്യയുടെ വീട്ടിൽനിന്ന് കണ്ടെടുത്തു.

എസ്ഐ അജിത്കുമാർ, ഗ്രേഡ് എസ്ഐ രാധാകൃഷ്ണൻ, സിപിഒമാരായ വിനീഷ്, പത്മകുമാർ, ശ്രീകാന്ത്, സുമിത എന്നിവരും അന്വേഷണസംഘത്തിലുണ്ടായിരുന്നു.

പെൻഷൻ സംരക്ഷണ സദസ്സ്

പാറശാല

കെഎസ്കെടിയു മഞ്ചവിളാകം ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പെൻഷൻ സംരക്ഷണ സദസ്സ് സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം പുത്തൻകട വിജയൻ ഉദ്ഘാടനം ചെയ്തു. സജിത അധ്യക്ഷയായി. കെ അംബിക, ടി രാധാകൃഷ്ണൻ, കെ വി പത്മകുമാർ, ജെ രാജു എന്നിവർ സംസാരിച്ചു.

മൂർഖൻ പാമ്പിനെ പിടികൂടി

പാറശാല

വീട്ടുമുറ്റത്തുനിന്നും കൂറ്റൻ മൂർഖൻ പാമ്പിനെ പിടികൂടി. ധനുവച്ചപുരം എൽപി നിവാസിൽ ലേഖയുടെ വീട്ടുമുറ്റത്താണ് മൂർഖനെ കണ്ടെത്തിയത്. പാമ്പ് പിടിത്തക്കാരനായ ഉണ്ടൻകോട് ലാലു എത്തി പാമ്പിനെ പിടികൂടി. ഏകദേശം പത്ത് വയസ്സുണ്ട്.

ചാനൽ സിനിമ

കൈരളി
6.30 വിവേകം
9.00 ബാബാകല്യാണി
12.00 ജല്ലിക്കെട്ട്
4.00 വല്യേട്ടൻ
7.30 മാട്രാൻ
10.00 കൊടി

വി
7.00 മാന്ത്രികക്കുതിര
10.00 കോമാളി
3.00 കുറ്റപത്രം
5.30 ജോസഫ്
8.00 പട്ടണത്തിൽ സുന്ദരൻ
11.00 മനുഷ്യമൃഗം

ഏഷ്യാനെറ്റ്
9.30 തൃശൂർപൂരം

ഏഷ്യാനെറ്റ് മൂവിസ്
7.00 മിന്നാരം
10.00 ആട് 2
1.00 പാൽതു ജാൻവർ
3.30 കെജിഎഫ്
7.00 ബ്രോ ഡാഡി
10.30 ലവ് ആക്ഷൻ ഡ്രാമ

സൂര്യ
8.30 കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ
2.30 സപ്തമശ്രീ തസ്കരാ

സൂര്യ മൂവീസ്
7.00 ധ്വനി
10.00 മുഖമുദ്ര
1.00 ഊമപ്പെണ്ണിന് ഉരിയാടാപയ്യൻ
4.00 തെക്കേക്കര സൂപ്പർഫാസ്റ്റ്
7.00 നായർസാബ്
10.00 ചുക്കാൻ

■ എലത്തൂർ ട്രെയിൻ തീവയ്പ്

പ്രതിയുടെ വീട്ടിലടക്കം 10 ഇടത്ത് എൻഐഎ റെയ്ഡ്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

കോഴിക്കോട് എലത്തൂർ ട്രെയിൻ തീവയ്പ് കേസിന്റെ ഭാഗമായി ഡൽഹി ഷഹീൻബാഗിലടക്കം പത്തിടത്ത് ദേശീയ അന്വേഷണ ഏജൻസിയുടെ പരിശോധന. പ്രതി ഷാരൂഖ് സെയ്ഫിയുടെയും ബന്ധുക്കളുടെയും ഇയാൾക്ക് സഹായം നൽകിയെന്ന് കരുതുന്നവരുടെയും വീടുകളിലാണ് എൻഐഎ സംഘം വ്യാഴാഴ്ച രാവിലെ പത്തുമുതൽ പരിശോധന നടത്തിയത്.

പ്രതിയുടെ സുഹൃത്തായ ഒരാളെ കസ്റ്റഡിയിൽ എടുത്ത് കൊച്ചിയിലേക്ക് കൊണ്ടുപോയെന്ന് സൂചനയുണ്ടെങ്കിലും ഏജൻസി സ്ഥിരീകരിച്ചിട്ടില്ല. രണ്ടുപേരെ ലക്ഷ്യമിട്ടാണ് ഷഹീൻബാഗിൽ തിരച്ചിലെന്നാണ് വിവരം. മൊബൈൽ ഫോണുകൾ, ലാപ്ടോപ്, ഹാർഡ് ഡിസ്ക് എന്നിവയുൾപ്പെടെ നിരവധി ഡിജിറ്റൽ ഉപകരണങ്ങളും മറ്റു രേഖകളും പിടിച്ചെടുത്തെന്ന് എൻഐഎ അറിയിച്ചു. ഏപ്രിൽ രണ്ടിനാണ് കണ്ണൂരിലേക്ക് പോയ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്രക്കാർക്കുനേരെ ഷാരൂഖ് പെട്രോളൊഴിച്ച് തീവച്ചത്. സംഭവത്തിനിടെ ട്രെയിനിൽനിന്ന് വീണ് മൂന്നുപേർ കൊല്ലപ്പെട്ടു. മഹാരാഷ്ട്രയിലെ രത്നഗിരിയിലാണ് ഫാറൂഖ് പിടിയിലായത്.